**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *402 | 25-06-2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെ പുനരധിവാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. റോജി എം.ജോൺ**<br>**ശ്രീ. ഐ.സി ബാലകൃഷ്ണൻ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ട വരുടെ പുനരധിവാസത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) & ബി) | പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട പ്രളയത്തിൽ അകപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. Term loan & Working Capital loan-ന്റെ 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.<br>സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായ വകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും സ്വീകരിച്ചിട്ടുണ്ട്. സർവ്വേയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് അതാത് ലീഡ് ബാങ്ക് മാനേജർ |
| ബി) | പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കടകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ചെറുകിട സംരംഭങ്ങൾക്കും അർഹമായ നഷ്ടപരിഹാരം നൽകുവാൻ നാളിതുവരെ സാധിച്ചിട്ടില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | മുഖാന്തിരം ജില്ലാ തല ബാങ്കേഴ്സ് സമിതിയ്ക്ക് നൽകുന്നതിന് ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിരുന്നു . പ്രളയബാധിത ജില്ലകളിലെ ലീഡ് ബാങ്ക് മാനേജർ, വ്യാപാരി വ്യവസായ പ്രതിനിധികൾ, KSSIA ,പ്രളയ ബാധിത യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒന്നിലധികം യോഗങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഉജ്ജീവന പദ്ധതി വിശദീകരിക്കുകയും അപേക്ഷകൾ ബാങ്കുകളിലേക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br>07-09-2018 ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രളയത്തിൽ ഉപജീവനോപാധികളും മറ്റും നഷ്ടപ്പെട്ടവർക്ക് ആയത് വാങ്ങുന്നതിന് കുടുംബശ്രീ മുഖേന 1,00,000 രൂപ വരെ തിരിച്ചടവ് ഉറപ്പാക്കി വായ്പ ലഭ്യമാക്കുന്നതിന് പദ്ധതി നിലവിലുണ്ട്.<br>പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് എകദേശം 1415.68 കോടി രൂപയുടേയും 16061 Shop കൾക്ക് 624.90 കോടി രൂപയുടേയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.<br>പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി രണ്ടു ഘട്ടങ്ങളിലായി സ്റ്റാർട്ട്അപ്പ് സഹായവും നിക്ഷേപ സഹായവും നൽകുന്നതിന് പ്രളയ പുനരുദ്ധാരണ പദ്ധതി ലക്ഷ്യമിടുന്നു.<br>പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം ബാങ്കുകളിൽ നിന്നും 8 ശതമാനം പലിശയിളവിൽ ടേം ലോൺ/ പ്രവർത്തന മൂലധന വായ്പ/വർഷികാടിസ്ഥാന ക്രമത്തിൽ പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട |

| | | | |
|---|---|---|---|
| | | | ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കും. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും യൂണിറ്റുകളുടെ പ്രവർത്തനവും/ ലാഭ ക്ഷമതയും ബാങ്കുകൾ കണക്കാക്കി സഹായം 3 വർഷം വരെ വർദ്ധിപ്പിക്കാവുന്നതുമാണ്. ഈ സഹായം സൂക്ഷ്മ, ചെറുകിട, ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.<br>സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ആയതിൽ കടകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള ധനസഹായം ഉൾപ്പെടുന്നില്ല. |
| സി) | പ്രസ്തുത സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും പലിശ രഹിത വായ്പകൾ ലഭ്യമാക്കും എന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് നൽകുവാൻ തയ്യാറാകാത്തതിന്റെ കാരണം വെളിപ്പെടുത്താമോ? | സി) | ഉജ്ജീവന സഹായ പദ്ധതി പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4% താങ്-പലിശ ഒരു വർഷത്തേക്ക് നൽകുന്നു എന്നാണ് സർക്കാർ ഉത്തരവിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ